# 2014 ജൂൺ 15 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ജൂൺ 15 ഞായറാഴ്ച കേരള സഭ 'ബൈബിൾ ഞായറായി' ആഘോഷിക്കുകയാണ്. അതിനുള്ള ഒരുക്കമായി ഇന്ന് നാം ബൈബിൾവാരം ആരംഭിക്കുന്നു.

നവസുവിശേഷവത്കരണം സംബന്ധിച്ച മെത്രാന്മാരുടെ 13-ാമത് ഓർഡിനറി സിനഡിന്റെ ഉൾക്കാഴ്ചകൾ സമാഹരിച്ച് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച ''സുവിശേഷത്തിന്റെ സന്തോഷം'' എന്ന അപ്പസ്തോലികാഹ്വാനം നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമല്ലോ. ''ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു'' എന്ന സന്ദേശമാണ് ദൈവദൂതൻ 'സന്തോഷത്തിന്റെ സദ്‌വാർത്ത' എന്നു വിശേഷിപ്പിച്ചത് (ലൂക്കാ 2:10-11). അതെ, യേശുക്രിസ്തു മനുഷ്യരുടെ രക്ഷകനാണ് എന്നതാണ് സുവിശേഷം. ''സുവിശേഷത്തിന്റെ സന്തോഷം'' എന്ന രേഖയിൽ മാർപാപ്പാ ആ സന്തോഷത്തിന്റെ കൈമാറൽ തന്നെയായ സുവിശേഷവത്കരണത്തെക്കുറിച്ചാണു പ്രതിപാദിക്കുന്നത്.

പ്രേഷിതദൗത്യത്തിന് അനിവാര്യമായ സഭാനവീകരണത്തെക്കുറിച്ചു പരാമർശിച്ചുകൊണ്ട് രേഖ ആരംഭിക്കുന്നു. സുവിശേഷവത്കരണയത്നങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ രണ്ടാമത്തെ അധ്യായത്തിൽ വിശകലനം ചെയ്തതിനുശേഷം, മൂന്നാമത്തെ അധ്യായത്തിൽ പ്രഘോഷണത്തെക്കുറിച്ച് ആഴമേറിയ ചിന്തകൾ പാപ്പാ പങ്കുവയ്ക്കുന്നു. സുവിശേഷവത്കരണത്തിന്റെ സാമൂഹികമാനം ചർച്ച ചെയ്യാൻ നാലാം അധ്യായം മുഴുവൻ നീക്കിവയ്ക്കുന്ന പാപ്പാ സുവിശേഷപ്രവർത്തകരുടെ പ്രചോദകശക്തിയെക്കുറിച്ചു പരാമർശിച്ചുകൊണ്ട് അപ്പസ്തോലികാഹ്വാനം അവസാനിപ്പിക്കുന്നു.

സുവിശേഷവത്കരണത്തിൽ വിശുദ്ധഗ്രന്ഥത്തിനുള്ള സ്ഥാനത്തെക്കുറിച്ച് ഫ്രാൻസിസ് പാപ്പാ നടത്തുന്ന പരാമർശങ്ങളെ അധികരിച്ച് ഏതാനും വിചിന്തനങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാനാണ് ഈ വർഷത്തെ ബൈബിൾ വാരത്തോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആഗ്രഹിക്കുന്നത്.

**ബൈബിൾ സുവിശേഷവത്കരണത്തിന്റെ ഉറവിടം**

''വിശുദ്ധലിഖിതങ്ങളാണ് സുവിശേഷവത്കരണത്തിന്റെ യഥാർത്ഥ ഉറവിടം'' എന്ന് അപ്പസ്തോലികാഹ്വാനത്തിന്റെ 174-ാം ഖണ്ഡികയിൽ പാപ്പാ കുറിച്ചിരിക്കുന്നു. സുവിശേഷവത്കരണത്തിന് ഇന്ന് ബൈബിൾ അനിവാര്യമാണ് എന്നാണ് ആ വരികൾ വ്യക്തമാക്കുന്നത്. സുവിശേഷങ്ങളിലൂടെ ക്രിസ്തുജീവിതവും, അപ്പസ്തോലപ്രവർത്തനങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും വെളിപാടു ഗ്രന്ഥത്തിലൂടെയും സഭാജീവിതവും വിരചിതമായത് സുവിശേഷവത്കരണം ലക്ഷ്യമിട്ടുകൊണ്ടാണ്. ''ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അവനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്'' (യോഹ 20:31) എന്ന് വിശുദ്ധ യോഹന്നാൻ തന്റെ സുവിശേഷത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ. വിശുദ്ധ ലൂക്കായാകട്ടെ, തന്റെ രചനയുടെ ലക്ഷ്യമെന്തെന്ന് സുവിശേഷത്തിന്റെ ആമുഖത്തിൽ വ്യക്തമാക്കുന്നു: ''അത് നിന്നെ പഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വസ്തതയെക്കുറിച്ച് നിനക്കു ബോധ്യം വരാനാണ്'' (ലൂക്കാ 1:4). ''ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം'' എന്ന വാക്കുകളുമായാണ് വിശുദ്ധ മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത്. യേശുക്രിസ്തുവിന്റെ വംശാവലി വിവരണത്തോടെ ആരംഭിക്കുന്ന വിശുദ്ധ മത്തായിയുടെ സുവിശേഷം, യഹൂദമതത്തിന്റെ തുടർച്ചയും പരിപൂർത്തിയുമാണ് ക്രിസ്തുമതം എന്നു സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. യഹൂദരുടെ സുവിശേഷവത്കരണത്തിൽ ഏർപ്പെട്ടിരുന്നവരാണല്ലോ വിശുദ്ധ മത്തായിയും അദ്ദേഹത്തിന്റെ ശിഷ്യസമൂഹവും.

രക്ഷകനും നാഥനുമായി ഏവരും യേശുക്രിസ്തുവിനെ അംഗീകരിക്കാൻ വേണ്ടിയും, വിശ്വസിച്ചവരെ ക്രിസ്തുവിശ്വാസത്തിൽ ആഴപ്പെടുത്താൻ വേണ്ടിയും എഴുതപ്പെട്ടതാണ് പുതിയനിയമം. മറ്റു വാക്കുകളിൽ പറഞ്ഞാൽ, വിജാതീയരോടുള്ള പ്രഘോഷണവും വിശ്വാസികൾക്കുള്ള പരിശീലനവും ഉൾച്ചേരുന്ന സുവിശേഷവത്കരണ ലക്ഷ്യമാണ് ബൈബിളിനുള്ളത്.

**ബൈബിളും സുവിശേഷവത്കരണവും: ത്രിവിധ മാനങ്ങൾ**

'ബൈബിൾ സുവിശേഷവത്കരണത്തിന്റെ ഉറവിടം' എന്ന പ്രയോഗത്തിൽ മൂന്ന് ആശയങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്നാമത്തേത്, സുവിശേഷവത്കരണത്തിന്റെ ഉള്ളടക്കം ബൈബിളിലെ ഉള്ളടക്കം തന്നെ

യാണ് എന്നതാണ് - അതായത്, യേശുക്രിസ്തുവിൽ ദൈവസ്നേഹം സമ്പൂർണമായി വെളിപ്പെട്ടിരിക്കുന്നു എന്ന സത്യം. അപ്പസ്തോലിക പ്രഘോഷണം പ്രാരംഭഘട്ടത്തിൽ ക്രിസ്താനുഭവത്തിൽ നിന്നു മാത്രം രൂപപ്പെട്ടതായിരുന്നെങ്കിൽ, ഇന്ന് അത് വിശുദ്ധഗ്രന്ഥാധിഷ്ഠിതമാണ്. രണ്ടാമത്തേത്, സുവിശേഷവത്കരണത്തിനുള്ള ക്ഷണം ബൈബിളിലൂടെ നമുക്കു ലഭിക്കുന്നു എന്നതാണ്. ''നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ'' എന്ന ക്രിസ്തുവിന്റെ കല്പന (മത്താ 28:19) വിശുദ്ധഗ്രന്ഥം നമുക്കു വച്ചുനീട്ടുന്നു. ''ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!'' എന്ന പൗലോസിന്റെ വചനവും നമ്മെ സുവിശേഷവത്കരണബാധ്യത അനുസ്മരിപ്പിക്കുന്നതാണ് (1കോറി 9:16). മൂന്നാമത്തേത്, വിശുദ്ധഗ്രന്ഥത്തോടുള്ള ആഭിമുഖ്യം നമ്മിൽ പ്രേഷിതതീക്ഷ്ണത ഉജ്ജ്വലിപ്പിക്കും എന്നതാണ്. സിറിയാക്കാർ തട്ടിക്കൊണ്ടുപോയ ഇസ്രായേൽ പെൺകുട്ടിയും (2രാജാ 5:3) വെള്ളം കോരാനെത്തിയ സമരിയാക്കാരി സ്ത്രീയും (യോഹ 4:39) സുഖപ്പെട്ട പിശാചുബാധിതനും (ലൂക്കാ 8:39) പെന്തക്കുസ്താനുഭവം സിദ്ധിച്ച ശിഷ്യരും (അപ്പ. 2:14-36; 3:6, 12-26; 4:8-12 etc.) നമ്മുടെ വായനാപഥത്തിലെത്തുമ്പോൾ തീർച്ചയായും അവരുടെ പ്രേഷിത തീക്ഷ്ണത നമ്മെ പ്രചോദിപ്പിക്കാതിരിക്കില്ല. യഹൂദ നേതാക്കളുടെ പീഡനഭീഷണിയുയർന്നപ്പോൾ ആദിമ ക്രൈസ്തവസമൂഹം നടത്തിയ പ്രാർത്ഥന അപ്പസ്തോലപ്രവർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക: ''കർത്താവേ, അവരുടെ ഭീഷണികളെ അവിടന്നു ശ്രദ്ധിക്കണമേ. അവിടത്തെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടത്തെ കൈകൾ നീട്ടണമേ. അവിടത്തെ വചനം പൂർണധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ!'' (അപ്പ 4:29-30).

യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും രക്ഷാകരപ്രവൃത്തിയും അപ്പസ്തോലന്മാരുടെ പ്രഘോഷണതീക്ഷ്ണതയും ആദിമസഭയുടെ സുവിശേഷപ്രഘോഷണ ചൈതന്യവും സുവിശേഷത്തിനുവേണ്ടി അവർ ഏറ്റെടുത്ത സഹനങ്ങളുമെല്ലാം വിശുദ്ധഗ്രന്ഥോപാസകനെ സുവിശേഷപ്രഘോഷകനും സാക്ഷിയുമായിത്തീരാൻ പ്രചോദിപ്പിക്കുകതന്നെ ചെയ്യും. ശിഷ്യനിൽ നിന്നു പ്രേഷിതനിലേക്കുള്ള ദൂരം ഒരു വിശുദ്ധഗ്രന്ഥപ്രചോദനദൂരം മാത്രമാണ്! ''ദൈവവചനവുമായുള്ള പരിചയം സുവിശേഷവത്കരണത്തിൽ അത്യന്താപേക്ഷിതമാണ്'' എന്ന് 175-ാം ഖണ്ഡികയിൽ പാപ്പാ നടത്തുന്ന ഒരു പ്രസ്താവന ഇവിടെ ഏറെ പ്രസക്തമാണ്. സുവിശേഷവത്കരണത്തിന്റെ നിരന്തര പ്രചോദനവും ചാലകശക്തിയുമായി ബൈബിൾ എന്നും നിലകൊള്ളുന്നു.

**കേരളസഭയുടെ ബൈബിൾ സ്നേഹവും പ്രേഷിതതീക്ഷ്ണതയും**

കേരളസഭ ഒരു പ്രേഷിതസഭയാണെന്ന് അഭിമാനപൂർവം പറയാൻ നമുക്കാകും. ലോകത്തിൽ നടക്കുന്ന സുവിശേഷവത്കരണശ്രമങ്ങളിൽ കൈരളിയുടെ കൈയൊപ്പ് തെളിഞ്ഞുകാണാവുന്നതാണ്. വിശുദ്ധഗ്രന്ഥസ്നേഹത്തിൽ സഭാമക്കൾ വളരുന്നതുകൊണ്ടാണ് സുവിശേഷവത്കരണത്തിലും കേരളസഭ വളരുന്നത്. നമ്മുടെ ബൈബിൾ സ്നേഹം രൂപപ്പെടുന്നതിൽ മുഖ്യപങ്കുവഹിച്ചിട്ടുള്ളത് കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുമാണെന്ന സത്യം സന്തോഷത്തോടെ അനുസ്മരിക്കുകയാണ്. 1976-ൽ രൂപീകൃതമായ ബൈബിൾ കമ്മീഷൻ 1977-ൽ തന്നെ പുതിയനിയമത്തിന്റെ മലയാളം പരിഭാഷ പൂർത്തിയാക്കുകയും 1981-ൽ സമ്പൂർണ ബൈബിൾ തയ്യാറാക്കുകയും ചെയ്തു. 2012-ൽ പുതിയനിയമത്തിന്റെ പരിഷ്കരിച്ച പതിപ്പു പുറത്തിറക്കാനും ബൈബിൾ കമ്മീഷനു കഴിഞ്ഞു. ഇവയുടെ ലക്ഷക്കണക്കിനു കോപ്പികൾ സഭാമക്കളിലെത്തിക്കാൻ സഹകരിച്ച പി.ഒ.സി.യോട് ബൈബിൾ കമ്മീഷനു കൃതജ്ഞതയുണ്ട്. 2005-ൽ ജീസസ് യൂത്തിന്റെ സഹായത്തോടെ നാം ഇന്റർനെറ്റ് ബൈബിൾ തയ്യാറാക്കി. 2011-ൽ മൊബൈൽ ഫോൺ ബൈബിളും 2013-ൽ കമ്പ്യൂട്ടർ ബൈബിളും നിലവിൽ വന്നു.

**ജൂബിലി നിറവിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി**

1990-ൽ സഭാമക്കളുടെ മുഴുവൻ പങ്കാളിത്തസാധ്യത ഉറപ്പുവരുത്തിക്കൊണ്ട് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സ്ഥാപിതമാകുകയും ബൈബിൾ പ്രേഷിതരംഗത്ത് വിപ്ലവകരമായ ചുവടുവയ്പുകൾ നടത്തുകയും ചെയ്തു. ലോഗോസ് ക്വിസ് പോലെ അതുല്യമായ ബൈബിൾ പ്രേഷിതയത്നങ്ങൾ സംഘടിപ്പിക്കാൻ സൊസൈറ്റിക്കായി. കോളേജുകളിലും ജയിലുകളിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വിശുദ്ധഗ്രന്ഥം എത്തിക്കാൻ ബൈബിൾ സൊസൈറ്റി കഴിവുപോലെ ശ്രമിച്ചിട്ടുണ്ട്. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ഏറ്റവും പുതിയ സർഗാത്മക സംഭാവന ഓഡിയോ ബൈബിൾ ആണ്. സമ്പൂർണ്ണ ബൈബിളിന്റെ ഉന്നതനിലവാരമുള്ള ശ്രവ്യരൂപം ഇന്നു കേരളസഭയ്ക്കു സ്വന്തം. ഇക്കഴിഞ്ഞ കെ.സി.ബി.സി. സമ്മേളനത്തിൽ അതു പ്രകാശനം ചെയ്യാൻ നമുക്കു കഴിഞ്ഞു. സമ്പൂർണ ബൈബിൾ ശ്രവ്യരൂപത്തിൽ തയ്യാറാക്കാനായി അധ്വാനിച്ചതും നൂറുകണക്കിനു പ്രൊഫഷണലുകളെ ഏകോപിപ്പിച്ചതും ഒരു

അല്മായ സഹോദരനും ഒരു കപ്പൂച്ചിൻ സന്ന്യാസവൈദികനും ചേർന്നാണെന്ന യാഥാർത്ഥ്യം കൃതാർത്ഥത യോടെ ഇവിടെ അനുസ്മരിച്ചുകൊള്ളട്ടെ. എല്ലാ സങ്കീർത്തനങ്ങൾക്കും സംഗീതാവിഷ്കാരം നല്കാൻ നമു ക്കായി എന്നത് ഏറെ ചാരിതാർത്ഥ്യം നല്കുന്നു. സങ്കീർത്തനം പാടി ദൈവത്തെ സ്തുതിക്കുന്ന ഒരു സഭാ സമൂഹത്തെ സ്വപ്നം കണ്ടുകൊണ്ടാണ് അതു നാം തയ്യാറാക്കിയിരിക്കുന്നത്. അന്ധർക്കുവേണ്ടിയുള്ള ബ്രെയ്‌ലി ബൈബിളും ഡയ്സി മൊബൈൽ ബൈബിളും നമ്മുടെ പദ്ധതിയിലുണ്ട്. ബൈബിൾ സംബന്ധി യായ ഈടുറ്റ ഗ്രന്ഥങ്ങളും ഇതിനോടകം പുറത്തിറക്കാൻ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിക്കു കഴിഞ്ഞിട്ടുണ്ട്.

2015 കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ രജതജൂബിലിക്കാലമാണ്. ദൈവത്തിനു നന്ദിപറയാനുള്ള കാലം; സൊസൈറ്റിയുടെ അംഗത്വവും പ്രവർത്തനങ്ങളും വിപുലീകരിക്കാനുള്ള കാലം. 2014 നവംബർ 30-ാം തീയതി പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ജൂബിലിവർഷം ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്. ബൃഹത്തായ പല ബൈബിൾ സംരം ഭങ്ങളും ജൂബിലിവർഷത്തിൽ ബൈബിൾ സൊസൈറ്റി ഏറ്റെടുക്കും. 25-ാം വാർഷികത്തോടെ 25,000 പേർ സൊസൈറ്റിയിൽ അംഗങ്ങളാകണം എന്നതാണു നമ്മുടെ സ്വപ്നം. എല്ലാ ഇടവകകളും കത്തോലിക്കാസ്ഥാപ നങ്ങളും വിശ്വാസികളും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗത്വം എടുക്കണമെന്ന് ഞങ്ങൾ സ്നേഹബുദ്ധ്യാ ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ എല്ലാ ഇടവക വികാരിയച്ചന്മാരും പ്രത്യേകം താത്പര്യ മെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രൊമോട്ടർമാരാകാൻ തയ്യാറുള്ളവർക്ക് പി.ഒ.സി.യിലെ ബൈബിൾ സൊസൈറ്റി ഓഫീസിനെ സമീപിക്കാവുന്നതാണ്.

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സും ജൂബിലി പ്രായത്തിലാണ്. 1989-ൽ ആരംഭിച്ച ഈ തപാൽ ബൈബിൾ പഠനകോഴ്സിൽ 10,000ത്തോളം പേർ പഠിതാക്കളായി ചേർന്നിട്ടുണ്ട്. അതിൽ 290 പേർ കോഴ്സു പൂർത്തിയാക്കി ഡിപ്ലോമ സർട്ടിഫിക്കറ്റു കരസ്ഥമാക്കിക്കഴിഞ്ഞു. ബൈബിൾ പഠനത്തിന് ഉചിതമായ എല്ലാ മാർഗങ്ങളും സ്വീകരിക്കാൻ ഏവരെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

കഴിഞ്ഞവർഷം മുതൽ കേരള കാത്തലിക് മെത്രാൻ സമിതിയുടെ താത്പര്യപ്രകാരം ഡിസംബർ മാസം ബൈബിൾ പാരായണമാസമായി നാം ആചരിക്കുകയാണ്. വചനം അക്ഷരം ധരിച്ച വിശുദ്ധലിഖിതം എല്ലാ ഡിസംബർ മാസവും വചനം മാംസം ധരിച്ചവന്റെ തീവ്രസ്മരണയിൽ പരസ്യമായും സുന്ദരമായും പാരായണം ചെയ്യണമെന്ന് എല്ലാ കത്തോലിക്കാവിശ്വാസികളെയും വിശ്വാസീസമൂഹങ്ങളെയും ഞങ്ങൾ ഓർമിപ്പിക്കുന്നു. ജൂൺ 8-ാം തീയതി മുതൽ 14-ാം തീയതിവരെ ബൈബിൾ വാരമായും ജൂൺ 15-ാം തീയതി ബൈബിൾ ഞായറായും സഭ ആചരിക്കുകയാണ്. ഉചിതമാം വിധം ഇതാചരിക്കാൻ രൂപതകളും ഇടവക കളും കത്തോലിക്കാസ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബൈബിൾ ഉറവിടമാക്കിക്കൊണ്ടുള്ള സുവിശേഷവത്കരണത്തിൽ നമുക്ക് ആഴപ്പെടാം. കെ.സി.ബി.സി. ബൈബിൾകമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും വേണ്ടി ബൈബിൾഞായറാഴ്ചയിൽ നടത്തുന്ന ദിവ്യബലി മധ്യേയുള്ള പിരിവ് രൂപ താകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഏവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025/02.04.2013/Ref: 2647/K 35/OL/KCBC/DS

NB: 2014 ജൂൺ 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭ കളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായി ക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.